Sectt. 37. 3462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കോഴിക്കോട് നഗരസഭ - കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് ഹോണറേറിയം അനുവദിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം. 1871/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,08/06/2016.

പരാമർശം :- 1. 23.12.2013 തീയതിയിലെ സ.ഉ.(സാധാ.) നം.3138/2013/ത.സ്വ.ഭ.വ.
2. 06.02.2015 തീയതിയിലെ സ.ഉ.(സാധാ.) നം.388/2015/ത.സ്വ.ഭ.വ
3. കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 23.11.2015 തീയതിയിലെ സി7/6472/13 നമ്പർ കത്ത്.
4. നഗരകാര്യ ഡയറക്ടറുടെ 12.01.2016 തീയതിയിലെ ഇ 5-27653/15 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് നഗരസഭയിൽ അനുവദിക്കപ്പെട്ട 6 അലോപ്പതി മെഡിക്കൽ ഓഫീസർ തസ്തികകളിൽ നിലവിലുള്ള 5 ഒഴിവുകളിൽ പി.എസ്.സി. മുഖേന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുംവരെ, മെഡിക്കൽ ഓഫീസർ തസ്തികയിലെ അടിസ്ഥാന ശമ്പളമായ 20740/- രൂപ കരാർ വേതനമായി നിശ്ചയിച്ച് പ്രസ്തുത വേതനം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ് എന്ന നിബന്ധനയോടെ താൽക്കാലിക നിയമനം നടത്താൻ ഒന്നും രണ്ടും പരാമർശിത ഉത്തരവുകൾ പ്രകാരം അനുമതി നൽകിയതിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുകയുണ്ടായെന്നും നാഷണൽ ഹെൽത്ത് മിഷൻ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർക്ക് 27,000/- രൂപ പ്രതിമാസ ഹോണറേറിയം നിശ്ചയിച്ചുകൊണ്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ജില്ലാ പ്രോഗ്രാം മാനേജർ, ജില്ല ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റി, തിരുവനന്തപുരം ഉത്തരവായിട്ടുള്ളതിനാൽ മേൽ പ്രകാരം ഹോണറേറിയം 27,000/- രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന മെഡിക്കൽ ഓഫീസർമാർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് NUHM നിലവിൽ നൽകിവരുന്ന നിരക്കിലുള്ള 27000/- രൂപ ഹോണറേറിയം അനുവദിക്കുന്നതിന് സർക്കാരിന്റെ അനുമതിയ്ക്കും അംഗീകാരത്തിനുമായി അപേക്ഷിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി ഓഫീസിൽ നിലവിൽ

കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന നാല് മെഡിക്കൽ ഓഫീസർമാർക്ക് 27,000/- രൂപ നിരക്കിൽ ഹോണറേറിയം അനുവദിച്ചു നൽകുന്നതിനുള്ള അനുമതി നൽകണമെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി മൂന്നാം പരാമർശിത കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. കോഴിക്കോട് നഗരസഭയിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് നൽകിവരുന്ന കരാർ തുകയായ 20,740/- രൂപ നിലവിലെ സാഹചര്യത്തിൽ വളരെ പരിമിതമായതിനാൽ, എൻ.യു.എച്ച്.എം. മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർക്ക് നൽകിവരുന്ന പ്രതിമാസ ഹോണറേറിയം തുകയായ 27,000/- രൂപയായി വർദ്ധിപ്പിച്ച് നൽകണമെന്നുള്ള ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് നാലാം പരാമർശിത കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കോഴിക്കോട് നഗരസഭയിൽ എൻ.യു.എച്ച്.എം. മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർക്ക് നൽകിവരുന്ന പ്രതിമാസ ഹോണറേറിയം തുകയായ 27,000/- രൂപ ടി നഗരസഭയിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന നാല് മെഡിക്കൽ ഓഫീസർമാർക്കും, നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ് എന്ന നിബന്ധനയോടെ, അനുവദിക്കുന്നതിനുള്ള അനുമതി കോഴിക്കോട് നഗരസഭയ്ക്ക് നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബിനുകുമാർ.വി
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള , തൃശ്ശൂർ.
സെക്രട്ടറി, കോഴിക്കോട് നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.